# സമഗ്രശിക്ഷാ, കേരളം

## രണ്ടാം പാദവാർഷിക മൂല്യനിർണയം 2022-'23

ക്ലാസ്സ് : IX

# സാമൂഹ്യശാസ്ത്രം

സമയം : $2\frac{1}{2}$ മണിക്കൂർ

ആകെ സ്കോർ : 80

**നിർദേശങ്ങൾ:**

- 15 മിനിറ്റ് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചതിനുശേഷം ഉത്തരം എഴുതുക.
- ഉത്തരം എഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 7 എണ്ണത്തിന് ഉത്തരം എഴുതുക. 2 സ്കോർ വീതം.** **(7×2=14)**

1. ചിത്രത്തിൽ എ, ബി എന്നിവ എന്തിനെ സൂചിപ്പിക്കുന്നു?




2. മറാത്ത ഭരണാധികാരിയായിരുന്ന ശിവജിയെ ഭരണത്തിൽ സഹായിച്ചിരുന്ന സമിതി ഏത് പേരിൽ അറിയപ്പെടുന്നു? ഈ സമിതിയിൽ രാജകീയ കത്തിടപാടുകളുടെ ചുമതല വഹിച്ചിരുന്നതാര്?
3. കാറ്റിന്റെ അപരദന-നിക്ഷേപണ ഭൂരൂപങ്ങൾക്ക് ഓരോ ഉദാഹരണം എഴുതുക.
4. ഒരു വികസനസൂചിക എന്ന നിലയിൽ പ്രതിശീർഷവരുമാനത്തിന്റെ രണ്ടു പോരായ്മകൾ എഴുതുക.
5. 'സ്വരാജ്യ', 'മൊഗളൈ' എന്നിവ വ്യക്തമാക്കുക.
6. നദിയുടെ മധ്യഘട്ടത്തിൽ കാണപ്പെടുന്ന രണ്ടു ഭൂരൂപങ്ങൾ ഏതെല്ലാം?
7. മധ്യകാല ഇന്ത്യയിലെ കച്ചവടവിഭാഗങ്ങളുമായി ബന്ധപ്പെട്ട ഡയഗ്രം പൂർത്തിയാക്കുക.



8. ഭക്തിപ്രസ്ഥാനത്തിന്റെ ഏതെങ്കിലും രണ്ട് സവിശേഷതകൾ എഴുതുക.

**9 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 3സ്കോർ വീതം ഏതെല്ലാം.** **(6×3=18)**

9. മൗലിക കർത്തവ്യങ്ങൾ എന്നാൽ എന്ത് ? ഏതെങ്കിലും രണ്ട് മൗലിക കർത്തവ്യങ്ങൾ എഴുതുക.

10. പ്രളയസമതലങ്ങൾ രൂപം കൊള്ളുന്നത് എങ്ങനെ? അവയുടെ കാർഷിക പ്രാധാന്യം വിലയിരുത്തുക.

11. മധ്യകാല ഇന്ത്യയിൽ സാങ്കേതികവിദ്യയിലുണ്ടായ പുരോഗതി തൊഴിൽ രംഗത്തെ എങ്ങനെയെല്ലാം സഹായിച്ചു?

12. സുസ്ഥിരവികസനം എന്നാൽ എന്ത് ? സുസ്ഥിരവികസനത്തിന്റെ രണ്ടു ലക്ഷ്യങ്ങൾ എഴുതുക.

13. വേലികൾ മനുഷ്യന് ഉപകാരപ്രദമാകുന്നത് എങ്ങനെയെല്ലാം?

14. ഭക്തിപ്രസ്ഥാനത്തിലെ സ്ത്രീസാന്നിധ്യവുമായി ബന്ധപ്പെട്ട പട്ടിക പൂർത്തിയാക്കുക.

| A | B |
|---|---|
| മീരാഭായി | (a)................. |
| (b)................. | കാശ്മീർ |
| അക്കാമഹാദേവി | (c)................. |

15. വീരശൈവപ്രസ്ഥാനം മുന്നോട്ടുവെച്ച ഏതെങ്കിലും മൂന്ന് ആശയങ്ങൾ എഴുതുക.

**16 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 9 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 4 സ്കോർ വീതം.** **(9×4=36)**

16. ദക്ഷിണേന്ത്യയിലെ കാർഷിക പുരോഗതിയെ സഹായിച്ച ഘടകങ്ങൾ എന്തെല്ലാം?

17. നൽകിയിട്ടുള്ള സമുദ്രജലപ്രവാഹങ്ങളെ ഉഷ്ണജല പ്രവാഹങ്ങൾ, ശീതജല പ്രവാഹങ്ങൾ എന്നിങ്ങനെ തരംതിരിച്ച് പട്ടിക പൂർത്തിയാക്കുക.

(ബ്രസീൽപ്രവാഹം, ലാബ്രഡോർപ്രവാഹം, ഹംബോൾട്ട്പ്രവാഹം, ഗൾഫ്സ്ട്രീം)

| ഉഷ്ണജല പ്രവാഹങ്ങൾ | ശീതജല പ്രവാഹങ്ങൾ |
|---|---|
| | |

18. സാമ്പത്തിക വളർച്ചയും സാമ്പത്തിക വികസനവും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?

19. അലാവുദ്ദീൻ ഖൽജിയുടെ കമ്പോളപരിഷ്കരണം സൽത്തനത്ത് ഭരണത്തിന്റെ സൈനികശക്തി വർദ്ധിപ്പിക്കാൻ സഹായകമായിരുന്നു. പ്രസ്താവന വിലയിരുത്തുക.

20. നദിയുടെ ഒഴുക്കിനെ നിയന്ത്രിക്കുന്ന ഘടകങ്ങൾ ഏതെല്ലാം?

21. 'എ' കോളത്തിന് അനുയോജ്യമായി 'ബി' കോളം ക്രമപ്പെടുത്തി എഴുതുക.

| എ | ബി |
|---|---|
| മാൻസബ്ദാരി സമ്പ്രദായം | കൃഷ്ണദേവരായർ |
| അഷ്ടപ്രധാൻ | അക്ബർ |
| അമുക്തമാല്യദ | ശിവജി |
| ഇഖ്തസമ്പ്രദായം | സൽത്തനത്ത് ഭരണം |

22. ലവണത്വം എന്നാൽ എന്ത് ? സമുദ്രജല ലവണത്വത്തിന്റെ ഏറ്റക്കുറച്ചിലിനു കാരണമാകുന്ന സാഹചര്യങ്ങൾ ഏതെല്ലാം?

23. മധ്യകാല ഇന്ത്യയിലെ നഗരങ്ങളുടെ വളർച്ചയെ സ്വാധീനിച്ച ഘടകങ്ങൾ ഏതെല്ലാം?

24. വിദ്യാഭ്യാസം മാനവവികസനത്തിന്റെ വളർച്ചയ്ക്ക് കാരണമാകുന്നത് എങ്ങനെ?

25. ഉത്തരേന്ത്യയിലെ ഭക്തിപ്രസ്ഥാനത്തിന്റെ വളർച്ചയിൽ കബീർ വഹിച്ച പങ്ക് വിലയിരുത്തുക.

**26, 27 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ഓരോന്നിനും 6 സ്കോർ വീതം** **(2×6=12)**

26. (എ) മാനവജീവിതത്തിലും ഭൗമപരിസ്ഥിതിയിലും സമുദ്രങ്ങൾ ചെലുത്തുന്ന സ്വാധീനം അളവറ്റതാണ്. പ്രസ്താവന സാധൂകരിക്കുക.

**അല്ലെങ്കിൽ**

(ബി) ഭൂഗർഭജലത്തിന്റെ അപരദന നിക്ഷേപണ ഭൂരൂപങ്ങൾ വിശദമാക്കുക.

27. (എ) മധ്യകാല ഇന്ത്യയിൽ പ്രാദേശികഭാഷയ്ക്കുണ്ടായ വളർച്ച വിശദീകരിക്കുക.

**അല്ലെങ്കിൽ**

(ബി) ചോളഭരണകാലത്തെ ഗ്രാമസ്വയംഭരണത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്യുക.